**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** | **12-07-2022 - ൽ മറുപടിയ്ക്ക്**

**വൃക്ഷ സമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥ വ്യതിയാനവും അത് സൃഷ്ടിക്കുന്ന പ്രകൃതിക്ഷോഭങ്ങളും വന സംരക്ഷണത്തിന്റെയും വൃക്ഷാവരണ വ്യാപനത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനാൽ സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിന് നയരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ചുള്ള നയരേഖ സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം തീയതി 17.02.2021 പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശ ഇനം മരങ്ങൾ പരിസ്ഥിതിക്ക് ഏറെ ഹാനികരമെന്ന് വിലയിരുത്തിയിട്ടുള്ളതിനാൽ അവ പിഴുതുമാറ്റി തദ്ദേശീയ ഇനം മരങ്ങൾ നടാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; | (ബി) | കേരള വനം വകുപ്പിന് കീഴിൽ ഏകദേശം 27,000 ഹെക്ടർ യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാറ്റിൽ തുടങ്ങിയ വ്യവസായിക തോട്ടങ്ങൾ ഉണ്ട്. സ്വാഭാവിക വന പുനഃസ്ഥാപന നയത്തിന്റെ ഭാഗമായി ഇതുവരെ 567.56 ഹെക്ടർ സ്ഥലത്തെ വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കാനുള്ള പ്രവൃത്തികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള വൃക്ഷ സമൃദ്ധി പദ്ധതിയുടെ വിശദാംശം നൽകാമോ; പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് വൃക്ഷസമൃദ്ധി. വനങ്ങൾക്ക് പുറത്ത് പ്രത്യേകിച്ച് സ്വകാര്യ ഭൂമിയിലും, പൊതുസ്ഥലങ്ങളിലും, തദ്ദേസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) എന്നിവയുടെ സജീവ പങ്കാളിത്തം വഴി സംസ്ഥാനത്തെ വൃക്ഷാവരണം വിപുലപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വൃക്ഷസമൃദ്ധി പദ്ധതിയ്ക്ക് ആവശ്യമായ തൈകൾ ഉത്പാദിപ്പിച്ച് പരിപാലിക്കുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പാണ്. പദ്ധതിയ്ക്ക് വേണ്ടി വരുന്ന എല്ലാ സാങ്കേതിക സഹായങ്ങളും സോഷ്യൽ ഫോറസ്ട്രി വിഭാഗം നൽകും. 3 മുതൽ 5 വർഷം വരെ തൈകൾക്ക് തുടർ പരിചരണം ദേശീയ ഗ്രാമീണ |

| | | | |
|---|---|---|---|
| | | | തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം നടത്തുക വഴി 5 കൊല്ലം കൊണ്ട് ചുരുങ്ങിയത് 80% തൈകളെങ്കിലും മരമായി വളരുമെന്നതാണ് പദ്ധതിയുടെ നേട്ടം. പ്രതിവർഷം 72 ലക്ഷം തൊഴിൽ ദിനങ്ങൾ ഈ പദ്ധതി വഴി സൃഷ്ടിക്കുവാൻ കഴിയുമെന്ന് കരുതുന്നു. സംസ്ഥാനത്ത് ഒട്ടാകെയുള്ള പഞ്ചായത്തുകളുടെ 832 നഴ്സറി സൈറ്റുകളിലായി 43 ലക്ഷം വൃക്ഷതൈകൾ ഇക്കൊല്ലം തന്നെ ഈ പദ്ധതിയിലൂടെ സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ വർഷത്തിൽ (2022- നടീൽ വർഷം) മാത്രം മദർബെഡ് നഴ്സറിക്ക് ആവശ്യമായ യോജിച്ചതും ഗുണമേന്മയുള്ള വിത്തുകൾ വനം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളെ തൈ ഉത്പാദിപ്പിക്കുന്നതിനും ആയത് നട്ട് പരിപാലിക്കുന്നതിനും സ്വയം പര്യാപ്തമാക്കുകയാണ് അന്തിമലക്ഷ്യം. |

സെക്ഷൻ ഓഫീസർ